# <u>ക്വട്ടേഷൻ</u>

RBDCK/ T203/Vol IV/345/2024 തീയതി: 08.10.2024

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് പുരുഷ സെക്യൂരിറ്റിഗാർഡുകളെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി അംഗീകാര മുള്ള സെക്യൂരിറ്റി ഏജൻസികളിൽനിന്നും താഴെ ചേർത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേ യമായി താത്പര്യമുള്ളവരിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

| | | | |
|---|---|---|---|
| 1. | നിയമന കാലാവധി | : | 6 മാസം |
| 2. | ഫോറം ലഭ്യത | : | 08.10.2024 മുതൽ<br>11.10.2024 (2.30 PM) വരെ |
| 3. | ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയ തിയും സമയവും | : | 11.10.2024 (സമയം 3 PM വരെ) |
| 4. | ക്വട്ടേഷൻ സമർപ്പിക്കേണ്ട സ്ഥലം | : | ആർ.ബി.ഡി.സി.കെ. ആഫീസ്,<br>പാലാരിവട്ടം, എറണാകുളം |
| 5. | ക്വട്ടേഷൻ തുറക്കൽ | : | 11.10.2024 (സമയം 4.00 PM) |

കൂടുതൽ വിവരങ്ങൾക്കും നിബന്ധനകൾക്കും ആർ.ബി.ഡി.സി.കെ ഓഫീസുമായി ബന്ധപ്പെടുക.

ഫോൺ : 0484 – 2338205, 2338206

Sd/-

**ജനറൽ മാനേജർ**
**ആർ.ബി.ഡി.സി.കെ**

റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്
(ഒരു കേരള സർക്കാർ സംരംഭം)
രണ്ടാം നില, പ്രീതി ബിൽഡിംഗ്, എം.വി. റോഡ്, പാലാരിവട്ടം, കൊച്ചി – 682 025
ഫോൺ: (484)2338205, 2338206, ഫാക്സ്: 2533294 വെബ്സൈറ്റ്: www.rbdck.com
E-mail:- rbdckltd@gmail.com

## നിബന്ധനകൾ

1. കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് പുരുഷ സെക്യൂരിറ്റിഗാർഡുകളെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുവേണ്ടിയുള്ള ഈ ക്വട്ടേഷൻ ആർ.ബി.ഡി.സി.കെ. ഓഫീസിൽ നിന്നും, ആർ.ബി.ഡി.സി.കെ. വെബ് സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്.

2. പൂരിപ്പിച്ച ക്വട്ടേഷൻ ഫോട്ടോ തിരിച്ചറിയൽ കാർഡിന്റെ കോപ്പിയോടു കൂടി മുദ്ര വെച്ച കവറിൽ നിർദിഷ്ട സമയത്തിന് മുമ്പായി ആർ.ബി.ഡി.സി.കെ. ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. കവറിനു പുറത്ത് ''സെക്യൂരിറ്റി ജോലിക്കാരെ ലഭ്യമാക്കുന്നതിനുള്ള ക്വട്ടേഷൻ'' എന്നെഴുതേണ്ടതാണ്.

3. കൂടുതൽ വിവരങ്ങൾ അറിയുന്നതിന് പ്രവൃത്തി ദിവസങ്ങളിൽ 10.00 മണി മുതൽ 5.00 മണി വരെ ആർ.ബി.ഡി.സി.കെ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

4. നിബന്ധനകൾ പാലിക്കാത്തതും നിർദ്ദിഷ്ട ദിവസത്തിനും സമയത്തിനും ശേഷം ലഭിക്കുന്നതും ബിഡ്ഡേർസ് ഒപ്പിടാത്തതും ഏതെങ്കിലും രീതിയിൽ പൂർണ്ണമല്ലാത്തതുമായ ക്വട്ടേഷനുകൾ യാതൊരു കാരണവും പറയാതെ തള്ളിക്കളയുന്നതാണ്.

5. Quote ചെയ്യുന്ന തുക GST ഉൾപ്പടെ ആയിരിക്കണം

6. <u>നടപടി ക്രമം</u>

   a. ആർ.ബി.ഡി.സി.കെ. ഓഫീസിൽ വച്ച് നിർദ്ദിഷ്ട ദിവസത്തിലും സമയത്തും മുദ്ര വച്ച കവറിലുള്ള പൂരിപ്പിച്ച ക്വട്ടേഷനുകൾ തുറക്കുന്നതായിരിക്കും. മേൽ തീയതി എന്തെങ്കിലും വിധത്തിൽ അവധിയായാൽ തൊട്ടെടുത്ത പ്രവൃത്തി ദിവസം ക്വട്ടേഷനുകൾ തുറക്കുന്നതായിരിക്കും. ഏറ്റവും കുറഞ്ഞ തുക വാഗ്ദാനം ചെയ്യുന്ന ആളെയായിരിക്കും വിജയി ആയി കണക്കാക്കുക.

   b. വിജയിക്കുന്നയാൾ/ഏജൻസി സെക്യൂരിറ്റി ഡോപ്പോസിറ്റായി **10,000/–** രൂപ ഈ ഓഫീസിൽ അടക്കേണ്ടതാണ്. ഈ സെക്യൂരിറ്റി ഡെപ്പോസിറ്റ് കരാർ കാലാവധി കഴിഞ്ഞശേഷം മാത്രമേ തിരികെ നൽകുകയുള്ളൂ.

7. <u>യോഗ്യത</u>

   1. സെക്യൂരിറ്റി ജോലിക്ക് നിയോഗിക്കപ്പെടുന്ന ജോലിക്കാർ എക്സ് മിലിട്ടറി, റിട്ടയേർഡ് പോലീസ് ഉദ്യോഗസ്ഥർ എന്നീ വിഭാഗത്തിൽപ്പെട്ടവരായിരിക്കണം. ഇതു തെളിയിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്. ഇവരുടെ അഭാവത്തിൽ മാത്രമേ അനുയോജ്യരായ മറ്റുള്ളവരെ സ്ഥാപന മേധാവിയുടെ അംഗീകാരത്തോടെ ജോലിക്ക് നിയോഗിക്കാൻ പാടുള്ളു.

   2. സെക്യൂരിറ്റി ജോലിക്കായി നിയോഗിക്കപ്പെടുന്നവർ 30 വയസ്സിനും 60 വയസ്സിനും ഇടയിൽ പ്രായമുള്ള ആരോഗ്യവാൻമാരായ പുരുഷൻമാരായിരിക്കണം.

   3. കരാർ നിയമന കാലാവധി 6 മാസമായിരിക്കും.

4. സൈറ്റിലെ ആവശ്യമനുസരിച്ച് ഡ്യൂട്ടി പോയിന്റുകളും ജോലിക്രമവും സമയവും നിശ്ചയിക്കുന്നതും അതിൻപ്രകാരം സൈറ്റിലെ ഉദ്യോഗസ്ഥൻമാർ നൽകുന്ന നിർദ്ദേശങ്ങൾ സെക്യൂരിറ്റി ജോലിക്കാർ പാലിക്കേണ്ടതുമാണ്.

5. ഓരോ സെക്യൂരിറ്റി ഏജൻസിയും വാച്ചിങ് ഡ്യൂട്ടിക്ക് ആളുകളെ നിയോഗിച്ചിട്ടുള്ള /ഇപ്പോൾ നിയോഗിച്ചുകൊണ്ടിരിക്കുന്ന 2 സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളുടെ വിലാസം, ഫോൺ നമ്പർ എന്നിവ സമർപ്പിക്കേണ്ടതാണ്.

6. ജോലിക്കുള്ള പ്രതിഫലം അല്ലാതെ ആർ.ബി.ഡി.സി.കെ യിൽ നിന്നും മറ്റ് ആനുകൂല്യങ്ങളോ അവകാശങ്ങളോ ഉണ്ടായിരിക്കുന്നതല്ല.

7. കരാറുകാർ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും സേവനത്തിന്റെ ഗുണ നിലവാരം ഉറപ്പു വരുത്തേണ്ടതാണ്.

8. സേവനം തൃപ്തികരമല്ലെങ്കിൽ കാരണം കാണിക്കാതെ കരാർ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം സ്ഥാപനത്തിൽ നിക്ഷിപ്തമായിരിക്കും. കൂടാതെ സെക്യൂരിറ്റി തുക സ്ഥാപനത്തിന് മുതൽ കൂട്ടുന്നതുമാണ്.

9. എന്തെങ്കിലും തർക്കങ്ങൾ ഉണ്ടാവുകയാണെങ്കിൽ ടെൻഡർ കമ്മിറ്റിയുടെ (ആർ.ബി.ഡി.സി.കെ. യിലെ ഉദ്യോഗസ്ഥർ) തീരുമാനം അന്തിമമായിരിക്കുന്നതും അത് അനുസരിക്കുന്നതിന് കരാറുകാരൻ ബാധ്യസ്ഥനായിരിക്കും.

10. കാരണമൊന്നും കാണിയ്ക്കാതെ ക്വട്ടേഷനുകൾ ഏതെങ്കിലുമോ എല്ലാം തന്നെയോ തള്ളിക്കളയുന്നതിന് ആർ.ബി.ഡി.സി.കെ. മാനേജിംഗ് ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

**മേൽപ്പറഞ്ഞ നിബന്ധനകൾ അനുസരിക്കുന്നതിന് കരാറുകാരന് ബാധ്യത ഉണ്ടായിരിക്കുന്നതും അതിനുള്ള സമ്മതം എന്ന നിലയിൽ കരാറുകാരൻ ഈ ക്വട്ടേഷൻ ഫോമിന്റെ എല്ലാ പേജുകളിലും ഒപ്പിടേണ്ടതുമായിരിക്കും.**

കരാറുകാരന്റെ ഒപ്പ്
(പേര്, മേൽ വിലാസം, ഫോൺ നമ്പർ ഉൾപ്പെടെ)

സ്ഥലം:
തീയതി:

**റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്**
(ഒരു കേരള സർക്കാർ സംരംഭം)
രണ്ടാം നില, പ്രീതി ബിൽഡിംഗ്, എം.വി. റോഡ്, പാലാരിവട്ടം, കൊച്ചി – 682 025
ഫോൺ: (484)2338205, 2338206, ഫാക്സ്: 2533294 വെബ്സൈറ്റ്: www.rbdck.com
E-mail:- rbdckltd@gmail.com

## പ്രൈസ് ബിഡ്

| ക്രമ നം. | വിവരണം | തുക (in Rs) |
|---|---|---|
| | കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് പുരുഷ സെക്യൂരിറ്റിഗാർഡുകളെ (3 Nos.) കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുവേണ്ടിയുള്ള ആർ.ബി.ഡി.സി.കെ.യിൽ നൽകുന്ന ക്വട്ടേഷൻ തുക (നികുതി ഉൾപ്പെടെ)<br><br>Rate per Guard | |

തുക അക്ഷരത്തിൽ ........................................................................................................................ രൂപ

കരാറുകാരന്റെ ഒപ്പ്
(പേര്, മേൽ വിലാസം, ഫോൺ നമ്പർ ഉൾപ്പെടെ)

സ്ഥലം:
തീയതി: